15U302 (Pages:2) Name: …………………….

Reg. No…………………….

**THIRD SEMESTER B.A. / B.Sc. DEGREE EXAMINATION, NOVEMBER 2016**

(CUCBCSS-UG)

**CC15UMAL3A09–മലയാളസാഹിത്യം 3**

Malayalam - Common Course (2015 Admission)

Time: Three Hours Maximum: 80 Marks

**I ഒറ്റവാക്കിൽ ഉത്തരമെഴുതുക. ഓരോന്നിനും അരമാർക്ക്വീതം**

1 മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് പത്രാധിപരായിരുന്ന പത്രമേത്?

2 മാട്ട് എന്ന അനുഭവക്കുറിപ്പിലെ സംഭവങ്ങളെ പുരസ്കരിച്ച് സിനിമ നിർമ്മിക്കണമെന്ന് ശ്രീരാമനോട് പറഞ്ഞിരുന്നത് ആര്?

3 ഫുട്ബോളിന് അറബിയിൽ പറയുന്ന പേരെന്ത്?

4 അറേബ്യയുടെ പാരമ്പര്യ നൃത്തരൂപമേത്?

5 ഏതു നാടകത്തിലൂടെയാണ് മലയാളികൾ എക്സ്പ്രഷണിസ്റ്റ് സമ്പ്രദായം കണ്ടറിഞ്ഞത്?

6 'അപ്പോ... അപ്പോ... നിനക്കെന്നെ വേണ്ടാരുന്നു അല്ലേ? ആരുടെ വാക്കുകൾ?

7 'നോവലിസ്റ്റു തന്നെ നോവലിന്റെ തിരക്കഥയെഴുതണം– എന്നിട്ട് നോവലിസ്റ്റു തന്നെ അത് സംവിധാനം ചെയ്യണം' - ആരുടെ വാക്കുകൾ?

8 പാട്ടബാക്കി ആരുടെ നാടകം?

9 പൊക്കുടനെ ഏറെ സ്വാധീനിച്ച രാഷ്ട്രീയനേതാവ് ആര്?

10 ദേവകി നിലയങ്ങോടിന്റെ ആത്മകഥയുടെ പേരെന്ത്?

**II ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും രണ്ടുമാർക്ക് വീതം**

11 എന്താണ് ഡെസേർട്ട് റോസ്?

12 രസസൂത്രം എന്താണ്?

13 കവിതയോട് ഏറ്റവും അടുത്തുനിൽക്കുന്ന കലാരൂപമാണ് നാടകം എന്നു പറയുന്നത് എന്തുകൊണ്ട്?

14 പത്തായപ്പുര എന്ന പേര് വരുന്നതിനുള്ള കാരണമെന്താണെന്നാണ് ദേവകി നിലയങ്ങോട് വിവരിക്കുന്നത്.

15 സി.ജെ.തോമസിന്റെ പ്രധാനകൃതികൾ ഏതെല്ലാം?

**III** **ഏതെങ്കിലും അഞ്ചുചോദ്യത്തിന് ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക. ഓരോന്നിനും അഞ്ചുമാർക്ക് വീതം.**

16 നാടകസമിതികൾ ഏറ്റെടുക്കേണ്ട ദൗത്യം എന്താണെന്നാണ് ജി.ശങ്കരപ്പിള്ള പറയുന്നത്?

17 രാഷ്ട്രീയ പ്രതിയോഗികളെ വിട്ടുവീഴ്ചയില്ലാതെ നേരിട്ടെങ്കിലും സാഹിബിന്റെ എതിർപ്പ് ഒരിക്കലും വ്യക്തിനിഷ്ഠമായിരുന്നില്ല എന്ന് പറയുന്നത് എന്തുകൊണ്ട്?

18 ക്ഷാമകാലത്തെക്കുറിച്ചുള്ള ദേവകി നിലയങ്ങോടിന്റെ ഓർമ്മകൾ ക്രോഡീകരിക്കുക.

19 'ആ ചിരിയുടെ അർത്ഥം എനിക്കു കുറേശ്ശെ മനസ്സിലാവാൻ തുടങ്ങുകയായിരുന്നു' - വിവരിക്കുക.

20 'എങ്കിലും എനിക്ക് നിരാശയില്ല. നശിപ്പിച്ചവരാണല്ലോ യഥാർത്ഥത്തിൽ നിരാശപ്പെടേണ്ടത്' - വിവരിക്കുക.

21 കഥാപാത്രനിരൂപണം നടത്തുക - ക്രൈം നാടകത്തിലെ ഗുരു.

22 ആഫ്രിക്കക്കാർ ജിദ്ദയുടെ വേദനയാണെന്ന് പറയാൻ കാരണമെന്ത്?

**IV** **ഏതെങ്കിലും നാലുചോദ്യത്തിന് ഉപന്യാസരൂപത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും പത്തുമാർക്ക് വീതം.**

23 ആത്മകഥകളും ജീവചരിത്രങ്ങളും സാംസ്കാരികചരിത്രത്തിന്റെ ഭാഗമാകുന്നത് എങ്ങനെയെന്ന് പാഠ്യഭാഗങ്ങളെ മുൻനിറുത്തി ചർച്ചചെയ്യുക.

24 ക്രൈം നാടകം പ്രശ്നവത്കരിക്കുന്ന സമകാലവിഷയങ്ങൾ എന്തെല്ലാം? അവയുടെ പ്രസക്തി വിലയിരുത്തുക.

25 തിരക്കഥാരചനയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണെന്നാണ് എം.ടി. വിവരിക്കുന്നത്?

26 മരുഭൂമിയുടെ ആത്മകഥ മലയാളത്തിലെ സഞ്ചാരസാഹിത്യമേഖലയിൽ വേറിട്ട് നിൽക്കുന്നത് എങ്ങനെ?

27 മലയാളനാടകസാഹിത്യത്തിന്റെ വളർച്ചയുടെ പടവുകൾ എൽ.തോമസ്കുട്ടി വിലയിരുത്തുന്നത് എങ്ങനെ?

28 പത്മരാജന്റെ തിരക്കഥകളുടെ പ്രത്യേകതകൾ 'ഒരിടത്തൊരു ഫയൽമാൻ' എന്ന രചനയെ മുൻനിറുത്തി ചർച്ചചെയ്യുക.

*******